പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8 | 06.01.2014 ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊലപ്പെടുത്തിയ കേസിന്റെ നിലവിലെ സ്ഥിതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, സി. കൃഷ്ണൻ<br>,, സി.കെ. സദാശിവൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| എ) ഇറ്റാലിയൻ കപ്പൽ എൻ്റിക്കാ ലെക്സിയിലെ നാവികർ രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവെച്ചു കൊലപ്പെടുത്തിയ പശ്ചാത്തലത്തിൽ കടലിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുമെന്നു മുഖ്യമന്ത്രി അടിയന്തിര പ്രമേയത്തിനുള്ള മറുപടിയായി സഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നിയമസഭക്ക് ബഹു. മുഖ്യമന്ത്രി നൽകിയ ഉറപ്പനുസരിച്ച് നേവി, തീരദേശ സംരക്ഷണ സേന, പോലീസ്, ഷിപ്പിംഗ് ഡയറക്ടർ ജനറൽ, ഫിഷറീസ് വകുപ്പ് തുടങ്ങിയവയുടെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം ബഹു. മുഖ്യമന്ത്രി 2012 മാർച്ച് മാസം 5ന് വിളിച്ചുകൂട്ടുകയുണ്ടായി. മത്സ്യത്തൊഴി ലാളികൾക്ക് ലൈഫ് ജാക്കറ്റുകൾ നൽകുന്നതിനും, കപ്പൽ ചാലിന്റെ അളവുകൾ ലഭ്യമാക്കുന്നതിനും, തീരദേശ മേഖലകളിൽ മൊബൈൽ കവറേജ് ഏരിയ വർദ്ധിപ്പിക്കുന്നതിനും, തീരദേശ പോലീസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനുമുള്ള തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ പ്രവർത്തനമാരംഭിച്ച 8 തീരദേശ പോലീസ് സ്റ്റേഷനുകളിലും രണ്ടു വീതം പട്രോളിംഗ് ബോട്ടുകളും ഓരോ ജീവൻ രക്ഷാബോട്ടും നൽകിയിട്ടുമുണ്ട്. അവയിൽ പരിചയസമ്പന്നരായ വിമുക്ത ഭടന്മാരെയാണ് ബോട്ട് കമാണ്ടർ, അസിസ്റ്റന്റ് കമാണ്ടർ തുടങ്ങിയ പദവികളിൽ നിയമിക്കുന്നത്. തീരദേശ പോലീസിന്റെ അതിർത്തിയായ 12 നോട്ടിക്കൽ മൈൽ പരിധിയിൽ ഫങ്ഷണൽ ഏരിയ ആയ 5 നോട്ടിക്കൽ മൈൽ വരെ ഇരുപത്തിനാലു മണിക്കൂറും പട്രോളിംഗ് നടത്തുന്നുണ്ട്. അതിനപ്പുറത്ത് കോസ്റ്റ് ഗാർഡും നേവിയും പട്രോളിംഗ് നടത്തുന്നുണ്ട്. തീരദേശ പോലീസുമായി ബന്ധപ്പെടുന്നതിന് 1093 എന്ന ടോൾഫ്രീ നമ്പർ നൽകിയിട്ടുണ്ട്. |

കൂടാതെ മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളിൽ 'Fishing Boat' എന്ന് വ്യക്തമായി കാണത്തക്ക രീതിയിൽ എഴുതി പ്രദർശിപ്പിക്കണമെന്നും, കപ്പൽ ചാലുകളിലൂടെ ബോട്ട് ഓടിക്കരുതെന്നും, അഥവാ കപ്പൽ ചാലുകളിൽ മത്സ്യ ബന്ധനം നടത്തുന്ന പക്ഷം കപ്പലിന് സമീപത്തേക്ക് ബോട്ട് വേഗത്തിൽ ഓടിച്ചുപോകരുതെന്നും, കപ്പലിനെ പിന്തുടരാൻ പാടില്ലെന്നും, വെടി വെയ്പിന്റെ പശ്ചാത്തലത്തിൽ മത്സ്യ ത്തൊഴിലാളികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എൻ. ഐ.എ ഏറ്റെടുത്ത പ്രസ്തുത കൊലപാതകക്കേസിന്റെ ഇന്നത്തെ സ്ഥിതി വിശദീകരിക്കുമോ ?

(ബി) വിവരം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല

സെക്ഷൻ ഓഫീസർ